# തുള്ളൽകൃതികളിലെ ഫോക്‌ലോർ

സാഹിത്യകൃതികളിലെ ഫോക്‌ലോർ ഘടകങ്ങളെ കണ്ടെത്താനും വ്യാഖ്യാനിക്കാനുമുള്ള ശ്രമം വിവിധ ഭാഷകളിലേയും സാഹിത്യപഠിതാക്കൾ നിർവ്വഹിക്കാറുണ്ട്. പ്രമേയതലത്തിലോ പ്രതിപാദനതലത്തിലോ ആണ് ഫോക്‌ലോർ ഘടകങ്ങളെ എഴുത്തുകാരൻ സന്നിവേശിപ്പിക്കുന്നത്. ഷേക്സ്പിയർ, ഗെയ്ഥേ, ക്രിസ്റ്റഫർ മാർലോ, തോമസ്മൻ, വാൾട്ടർസ്കോട്ട്, ചോസർ, വേർഡ്സ്‌വർത്ത്, കീറ്റ്സ്, തോമസ്ഹാർഡി മുതലായ വിശ്വപ്രസിദ്ധ സാഹിത്യരചയിതാക്കളും പലപ്പോഴും ഫോക്‌ലോർ ഉപയോഗിച്ച് സാഹിത്യരചന നടത്തിയിട്ടുണ്ട്. മലയാളത്തിലും നാടോടിക്കഥയെ നിരവധി സാഹിത്യകാരന്മാർ ഉപജീവിച്ചിട്ടുണ്ട്. എസ്.കെ. പൊറ്റെക്കാട്, തകഴി, ബഷീർ, സി.വി.രാമൻപിള്ള, പൊൻകുന്നം വർക്കി, ഒ.വി.വിജയൻ, കടമ്മനിട്ട, എം.വി.വിഷ്ണുനമ്പൂതിരി തുടങ്ങിയവരൊക്കെ സാഹിത്യത്തിൽ ഇത്തരം സ്വാംശീകരണം നടത്തിയവരാണ്.

നമ്പ്യാർകൃതികളിലെ ഫോക്‌ലോർ പഠനവിധേയമാക്കുമ്പോൾ പ്രതിപാദനതലത്തിലുള്ള നാടോടിഘടകങ്ങളെയാണ് അപഗ്രഥിക്കാനാവുക. പ്രമേയതലത്തിൽ നമ്പ്യാർ പുരാണേതിഹാസങ്ങളെ ഉപജീവിക്കുമ്പോൾ പ്രതിപാദനതലത്തിൽ നാടോടി അംശത്തെ സ്വീകരിക്കുന്നു. ജനകീയമായ ഒരു വിതാനത്തിലേയ്ക്ക് പ്രമേയത്തെ ഇറക്കികൊണ്ട് വരാൻ നമ്പ്യാരെ സഹായിക്കുന്നത് ഫോക്ഘടകങ്ങളുടെ സമന്വയമാണ് മാത്രമല്ല അദ്ദേഹം ആ കാലഘട്ടത്തിൽ പ്രചാരത്തിലിരുന്ന അഭിജാതകലാരൂപങ്ങളുടേയും നാടോടി കലാരൂപങ്ങളുടേയും ജീവഭാവങ്ങൾ സമന്വയിപ്പിക്കുക കൂടിയായിരുന്നു.

ഇതിഹാസകഥയ്ക്ക് ഉലച്ചിൽ തട്ടാതെ ഫോക്ഘടകങ്ങളെ ഉപയോഗിച്ചുകൊണ്ട് കലയെ ജനകീയമാക്കി മാറ്റുകയായിരുന്നു നമ്പ്യാർ. തുള്ളൽക്കഥയിലെ ഫോക് ഘടകങ്ങളെ വേർതിരിച്ച് കാണാനുള്ള ശ്രമമാണ് നളചരിതം തുള്ളലിനെ ആധാരമാക്കി നടത്തിയിട്ടുള്ളത്. പുരാവൃത്തം, വിശ്വാസങ്ങൾ, ആചാരങ്ങൾ, എന്നിവയുടെ സന്നിവേശം, നാടൻ ഭാഷാപ്രയോഗം, പഴഞ്ചൊല്ലുകൾ, പദ-വാക്യ ശൈലി എന്നിവയുടെ സ്വീകരിക്കൽ, കഥാകഥനത്തിൽ സ്വീകരിക്കുന്ന നാടോടിശൈലി ഇവയൊക്കെ തുള്ളൽകൃതിയിൽ എപ്രകാരമാണ് പ്രയോഗിക്കപ്പെട്ടത് എന്നുള്ള നിരീക്ഷണം പഠനത്തിന് അനിവാര്യമാണ്. ചോദ്യോത്തര രീതിയിലുള്ള കഥാകഥനത്തിന് കാവ്യാരംഭത്തിൽത്തന്നെ പ്രവേശനം നൽകിയിരിക്കുന്നു.

ഹരനെ ചോദ്യം ചെയ്യുന്ന പാർവ്വതിയും ഉത്തരമരുളുന്ന ഹരനും തമ്മിലുള്ള സംഭാഷണത്തിന്റെ രൂപത്തിലാണ് കാവ്യം ആരംഭിക്കുന്നത്.

'തിരുമുടി ജടയുടെ നടുവിൽ വിളങ്ങി-
പ്പരിചൊടു കാണവതെന്തൊരു വസ്തു?'
ഹരനരുൾ ചെയ്തിതു 'നമ്മുടെ ജടയിൽ
പെരുകിന വെള്ളം വേർപെടുകില്ല'
'കുരള കഥിക്കരുതെന്നൊടു നാഥ!
സരസം മുഖമിഹകാണാകുന്നു'
'മുഖമല്ലതഹോ ജലമതിലുളവാം
വികചസരോജമിതെന്നുവരേണം'

എന്നിങ്ങനെ തുടരുന്ന കഥപറച്ചിൽ തികച്ചും നാടോടികാവ്യപാരമ്പര്യത്തെ അനുസ്മരിപ്പിക്കും. സ്ഥലകാല ക്രിയൈക്യം പുലർത്തുന്ന കഥാകഥന രീതിക്ക് ഉദാഹരണമായി

വലിയൊരു കഥയിതു നളനുടെ ചരിതം
കലിത കുതുഹലമുരചെയ്തീടാം
നളകൂബരനെക്കാളതി സുഭഗൻ
നളനെന്നൊരു നൃപനുളവായ് വന്നു

ദമയന്തിയുടെ ഉത്ഭവകഥ വർണ്ണിക്കുന്നിടത്ത്

വിഭമൊടുവിലസിന വിദർഭ ഭൂമണ്ഡലേ
വീരനാം ഭൂമിപാലൻ തന്റെ പുത്രിയായ്
സുമുഖി ദമയന്തിയെന്നുണ്ടൊരു കന്യകാ
സുന്ദരികളിന്നവളെ വന്ദിക്കുമാകവേ;

എന്നിങ്ങനെ കഥാകഥനത്തിൽ നാടോടി ആഖ്യാനരീതി പിന്തുടരുന്നുണ്ട്. ആചാരങ്ങളിൽ സ്വീകരിക്കുന്ന കേരളീയ സമ്പ്രദായത്തെ വെളിപ്പെടുത്തുന്ന മികച്ച സന്ദർഭമാണ് ദമയന്തീസ്വയംവരത്തിന് ഭീമസേന മഹാരാജാവ് തയ്യാറാക്കുന്ന വിവാഹക്കുറി.

ധനുമാസം പതിനാറാം തീയതി
ശനിവാരത്തെ മകരം രാശി
നമ്മുടെ മകൾ ദമയന്തിയതാകിയ
കന്യക തന്റെ വിവാഹമുഹൂർത്തം;
ദൂതൻ പറയുമിതേവമെഴുത്ത്

നാടോടി സംഭാഷണത്തിന് നായന്മാരുടെ സംഭാഷണ ശകലങ്ങൾ ശ്രദ്ധിക്കാം

'കണ്ടച്ചാരേ കുവാ തന്നുടെ
കയ്യിലൊരായുധമില്ലാത്തെന്ത്യേ?'
'ചെണ്ടക്കാര്യമെനിക്ക് പിണഞ്ഞതു
ജ്യേഷ്ഠാ താനതുബോധിച്ചില്ലേ?'

നിശിതമായ സാമൂഹ്യവിമർശനത്തിന് നാടോടി ആഖ്യാന സദൃശമായ നർമ്മപ്രയോഗം നമ്പ്യാർ നടത്തുന്നു. ഉദാഹരണം,

'പണമില്ലാഞ്ഞിട്ടെന്നുടെ കുന്തം
പണയംവച്ച് പലിശ കൊട്ടപ്പാൻ'

നാരദരുടെ പ്രവർത്തിയെക്കുറിച്ച്,

'ഇരുവരു തമ്മിൽ കലഹിക്കാഞ്ഞാൽ
ഒരു രസമെന്നതു നാരദനില്ല'
... ...
പല പല നൃപതികൾ തമ്മിൽ പെരുകിന
കലശലുമിവിടെ വരുത്തീടാം ഞാൻ'

ആഘോഷവർണ്ണനകളിൽ

'കൊട്ടുംകുഴൽവിളിയുമൊട്ടും കുറവില്ലയാ-
ഞ്ഞിട്ടും മനുജർ ചെവിരണ്ടും പൊട്ടും പരിചിനോടെ
... ....
ആനക്കഴുത്തിൽ ഭഗവാനെയെഴുന്നള്ളിച്ച്' എന്ന്

തുടങ്ങി കേരളീയമായ ആഘോഷ, ആചാരങ്ങളെ തനിമയോടെ സന്നിവേശിപ്പിച്ചിരിക്കുന്നത് കാണാം.

'ചാരുകേരളഭാഷ' ചിതംപോലെ പ്രയോഗിച്ച നമ്പ്യാർ നളചരിതം തുള്ളലിൽ ഉപയോഗിച്ചിരിക്കുന്ന നാടൻ വാങ്മയം ശ്രദ്ധേയമാണ്. ചില ഉദാഹരണങ്ങൾ.

ആരോമൽ(അരുമയായ്), ക്ലേശിക്കുക(അന്വേഷിക്കുക), ചെണ്ടത്തം (അമളി), മാറ്റി(മൂഢൻ, ചതിയൻ), യന്ത്രി(സൂത്രശാലി), വാശ്ശും(വല്ലതും, വല്ലതരത്തിലും), കുരള(നുണ), കടുത(കടുപ്പം), ചെകുതി (തോൽവി), കണ്ടിക്കുക (നുറുക്കുക), വിരുണൻ (കൊതിയൻ), അപ്പതി(ദൈവം,വരുണൻ), പടൽ(കുറ്റിക്കാട്), തിരുവാളി (എരപ്പാളി), ബ്രഹ്മൻകാലം (വളരെക്കാലം).

അതുപോലെ തന്നെ പഴഞ്ചൊല്ലുകളുടേയും ശൈലികളുടേയും അമൂല്യഖനിയാണ് നമ്പ്യാർകൃതികൾ

'കൈയിൽകിട്ടിയ കനകമുപേക്ഷി-
ച്ചീയം കൊൾവാനിച്ഛിക്കുന്ന '

'കുവലയമലരുടെ പരിമളസാരം
തവളകളറിവാൻ സംഗതി വരുമോ?'

'തോണികടന്നാൽ തുഴകൊണ്ടെന്നൊരു
നാണിയമുണ്ടതുപോലെ സമസ്തം.'

ശ്ലോകം ചൊല്ലിപ്പൊരുൾ പറയുമ്പോൾ
'കാകനതിങ്കലൊരിരയുണ്ടാമോ?'

'അങ്ങാടികളിൽ തോൽവി പിണഞ്ഞാൽ
അമ്മയോടപ്രിയമെന്നതു പോലെ'

എന്നിങ്ങനെ ഒരു പഴഞ്ചൊൽ പ്രപഞ്ചം തന്നെ തീർക്കുന്നു. നാടോടി ജീവിതബിംബങ്ങൾക്ക് കവിതയിൽ ചെലുത്താൻ കഴിയുന്ന ശക്തി നമ്പ്യാർ കൃതികളിലുണ്ട്. കേരളീയാചാരങ്ങൾ, വിശ്വാസങ്ങൾ, ഐതിഹ്യങ്ങൾ, നാടോടിഭാഷാ പ്രയോഗങ്ങൾ, സദ്യവട്ടങ്ങൾ, ആഘോഷങ്ങൾ, നാടൻ താള-വൃത്തങ്ങൾ, പദ-വാക്യശൈലികൾ തുടങ്ങിയ ഫോക് അംശങ്ങൾ കൊണ്ട് നിലനിൽക്കുന്ന കാവ്യപ്രപഞ്ചമാണ് തുള്ളൽകൃതികളിൽ കാണുന്നത്. പുരാണേതിഹാസങ്ങളിൽ നിന്നും സ്വീകരിച്ച പ്രമേയം കലാംശമായി മാത്രം നിൽക്കുന്നു. അവയിലെ അഭൗമലോകത്തെ നമ്പ്യാർ കേരളീയ മണ്ണിൽ ഉറപ്പിച്ച് നിർത്തുന്നു. 'കവിതവാക്കുകളിലൂടെയുള്ള ഉണ്മയുടെ സ്ഥാപനമാണ്"

എന്ന ജർമ്മൻ തത്ത്വചിന്തകനായ മാർട്ടിൻ ഹൈഡഗറുടെ വാക്യം ഇവിടെ പ്രസക്തമാണ്. 'പഴയ കവി വെളിച്ചപ്പാടിനെപ്പോലെ യാണ്. പുതിയ കവി ആത്മബോധമുള്ള നടനെപ്പോലെയും' എന്ന ബി. രാജീവന്റെ (വാക്കുകളും വസ്തുക്കളും) നിരീക്ഷണത്തെ തുള്ളൽ കൃതികൾ അന്വർത്ഥമാക്കുന്നുണ്ട്. ഫോക്‌ലോറിന് സംഭവിച്ച ഒരു രൂപാന്തരമാണ് നമ്പ്യാർകൃതികളെന്ന് ഉറപ്പിക്കാനാവുംവിധം പ്രതി പാദനതലത്തിൽ ഫോക്‌ലോർ സാന്നിദ്ധ്യം തുള്ളൽകൃതികളെ സമ്പ ന്നമാക്കുന്നുണ്ട്.

ഗ്രന്ഥസൂചി


1. ഡോ.രാഘവൻ പയ്യനാട്, (1986) 'ഫോക്‌ലോർ' കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. 'കുഞ്ചൻ നമ്പ്യാരുടെ തുള്ളൽക്കഥകൾ' (1970) സംശോധിത സംസ്കരണം- പി.കെ.ശിവശങ്കരപ്പിള്ള, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ.
3. ഡോ.കെ.എസ്. പ്രകാശ് (2007) 'കൃതിയും സ്മൃതിയും', റെയിൻബോ ബുക്സ്, തിരുവനന്തപുരം.
4. ഡോ.പി. സോമൻ (2004) 'ഫോക്‌ലോർ സംസ്കാരം', കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. എച്ച്.കെ. സന്തോഷ് (1998), 'ഫോക്‌ലോർ വഴിയും പൊരുളും', സംസ്കൃതി പബ്ലിക്കേഷൻസ്, കണ്ണൂർ.



ബീന.കെ

അസിസ്റ്റന്റ് പ്രൊഫസർ
മലയാള വിഭാഗം
ഗവ.കോളേജ്, നെടുമങ്ങാട്
തിരുവനന്തപുരം.
Email: beenaanil9@gmail.com